നമ്പർ : B1/UID/2012

വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
എറണാകുളം
തിയതി : 3/12/2012

## സർക്കുലർ

വിഷയം : സ്കൂൾ വിദ്യാർത്ഥികളുടെ ഏകീകൃത തിരിച്ചറിയൽ നമ്പർ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : 1. പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ 2/11/2012 ലെ നമ്പർ 52957/G2/2012 /Gen Edn സർക്കുലർ
2. പൊതുവിദ്യാഭ്യാസ ഡയറക്ടർ 27/11/2012 ന് നടത്തിയ വിഡിയോ കോൺഫ്രൻസിലെ നിർദ്ദേശങ്ങൾ

മേൽ സൂചന സർക്കുലറിൽ നിർദ്ദേശിച്ചതനുസരിച്ച് 2013 മാർച്ച് 31 ന് മുൻപായി എറണാകുളം ജില്ലയിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികളുടേയും ഏകീകൃത തിരിച്ചറിയൽ നമ്പർ (UID/NPR Number) തയ്യാറാക്കേണ്ടതുണ്ട്. എറണാകുളം ജില്ലയിൽ 2012 നവംബർ ആദ്യവാരംവരെ 66.4 ശതമാനം കുട്ടികൾക്കു മാത്രമാണ് ഏകീകൃത തിരിച്ചറിയൽ നമ്പർ (UID/NPR Number) ലഭിച്ചിട്ടുള്ളത്. ജില്ലയിലെ 45.6 ശതമാനം സ്കൂളുകളിൽ മാത്രമാണ് തിരിച്ചറിയൽ നമ്പർ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്. നിശ്ചിത തിയതിക്കകം എല്ലാ കുട്ടികൾക്കും തിരിച്ചറിയൽ നമ്പർ തയ്യാറാക്കാൻ കഴിഞ്ഞില്ലെങ്കിൽ അടുത്ത അദ്ധ്യയനവർഷം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ എല്ലാ തന്നെ നിശ്ചലമാകുന്ന അവസ്ഥയാണുള്ളത്. മേൽ സൂചന 1 സർക്കുലർ അനുസരിച്ച് എല്ലാ സ്കൂളുകളിലേയും കുട്ടികൾക്ക് തിരിച്ചറിയൽ നമ്പർ ലഭിച്ചു എന്ന് ഉറപ്പു വരുത്തേണ്ട പ്രധാന ഉത്തരവാദിത്വം ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും സ്കൂൾ പ്രധാനഅദ്ധ്യാപകർക്കുമാണുള്ളത്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ 27/11/2012 ന് നടത്തിയ വിഡിയോ കോൺഫ്രൻസിലും കുട്ടികളുടെ തിരിച്ചറിയൽ നമ്പർ തയ്യാറാക്കേണ്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണം എന്ന് കർശനമായ നിർദ്ദേശം നൽകിയിരിക്കുകയാണ്. ആയതിനാൽ നമ്മുടെ ജില്ലയിലെ മുഴുവൻ വിദ്യാർത്ഥികളുടെയും ഏകീകൃത തിരിച്ചറിയൽ നമ്പർ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പുരോഗതി നിരന്തരം നിരീക്ഷിക്കുന്നതിനുമായി താഴെപ്പറയുന്ന ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

1. ജില്ലയിലെ പ്രൈമറി,ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ കുട്ടികളുടെ ഏകീകൃത തിരിച്ചറിയൽ നമ്പർ തയ്യാറാക്കുന്നതിനായി ഓരോ സ്കൂളും ബന്ധപ്പെടേണ്ട അക്ഷയ കോർഡിനേറ്റർ /കെൽട്രോൺ കോർഡിനേറ്ററുടെ പേരു വിവരങ്ങളും ഫോൺ നമ്പരും വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് പ്രവർത്തനങ്ങൾ പൂർത്തിയാക്കാത്ത സ്കൂൾ അധികൃതർ എത്രയും വേഗം തന്നെ ചുമതലപ്പെടുത്തിയിട്ടുള്ള കോർഡിനേറ്ററെ ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.
2. ഓരോ ക്ലാസ്സിന്റേയും ചുമതലയുള്ള ക്ലാസ് അദ്ധ്യാപിക ക്ലാസ്സിൽ ഉള്ള മുഴുവൻ കുട്ടികളുടേയും ഏകീകൃ തിരിച്ചറിയൽ നമ്പർ ഇതോടൊപ്പം ചേർത്തിരിക്കുന്ന അനുബന്ധം 1 മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
3. പ്രധാനഅദ്ധ്യാപിക സ്കൂളിലെ കുട്ടികളുടെ ഏകീകൃ തിരിച്ചറിയൽനമ്പർ വിവരങ്ങൾ ശേഖരിക്കുന്ന

പ്രവർത്തനങ്ങളുടെ പുരോഗതി അനുബന്ധം 2 മാതൃകയിൽ തയ്യാറാക്കി ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് എല്ലാ ബുധനാഴ്ചയും 12.45 pm ന് മുൻപായി അയച്ചു കൊടുക്കേണ്ടതാണ്

4. ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തങ്ങളുടെ പരിധിയിലുള്ള ഓരോ സ്കൂളിലേയും പുരോഗതി നേരിട്ട് വിലയിരുത്തികയും അതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് ഡിജിറ്റൽ രൂപത്തിൽ ഐ ടി @ സ്കൂൾ പ്രോജക്റ്റിന്റെ ജില്ലാ കോർഡിനേറ്റർക്ക് എല്ലാ വ്യാഴാഴ്ചയും 12.45 pm ന് മുൻപായി dcekm@itschool.gov.in എന്ന മെയിൽ വിലാസത്തിൽ അയച്ചു കൊടുക്കേണ്ടതാണ്.
5. ഐ ടി @ സ്കൂൾ പ്രോജക്റ്റിന്റെ ജില്ലാ കോർഡിനേറ്റർ എല്ലാ വ്യാഴാഴ്ചയും 4 pm ന് മുൻപായി ജില്ലയിലെ സ്ഥിതിവിവരങ്ങൾ ക്രോഡീകരിച്ച് വിദ്യാഭ്യാസ ഡപ്യൂട്ടിഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.
6. ജില്ലയിലെ എല്ലാ കുട്ടികളുടേയും ഏകീകൃ തിരിച്ചറിയൽ നമ്പർ സംബന്ധിച്ച പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതുവരെ ഈ പ്രവർത്തനങ്ങൾ തുടരേണ്ടതുമാണ്.
7. പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചതനുസരിച്ച് ജില്ലയിലെ എല്ലാ ബീ ആർ സി കളിൽ നിന്നും ഒരു ബീ ആർ സി ട്രെയിനറുടെ സേവനം ഉപജില്ലാ തലത്തിൽ ഏകീകൃത തിരിച്ചറിയൽ നമ്പർ തയ്യാറാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനും ക്രോഡീകരിക്കുന്നതിനുമായി ഉപയോഗിക്കാവുന്നതാണ്.

എം ഡി മുരളി
വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1. ജില്ലാ പ്രോജക്റ്റ് ഓഫീസർ സർവ്വ ശിക്ഷാ അഭിയാൻ, എറണാകുളം
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ പ്രധമാദ്ധ്യാപകർക്കും
5. ജില്ലാ കോർഡിനേറ്റർ, ഐ ടി @ സ്കൂൾ പ്രോജക്റ്റ് എറണാകുളം

# അനുബന്ധം 1

*(ക്ലാസ് ടീച്ചർ കുട്ടികളുടെ ഏകീകൃത തിരിച്ചറിയൽ നമ്പർ രേഖപ്പെടുത്തി വെയ്ക്കേണ്ട രജിസ്റ്ററിന്റെ മാതൃക)*

സ്കൂളിന്റെ പേര്.......................................................................................................

*ക്ലാസ്........................... ഡിവിഷൻ................. ഡിവിഷനിലെ ആകെ കുട്ടികളുടെ എണ്ണം.............*

(UID Enrollment Number,UID Number ,NPR Enroll Number ഇവയിൽ ഏതാണോ കുട്ടിയുടെ കൈവശം ഉള്ളത് അത് മാത്രം എഴുതിയാൽ മതി. - മൂന്നിൽ ഏതെങ്കിലും ഒന്ന് മാത്രം എഴുതിയാൽ മതിയാകും )

| ക്രമ നമ്പർ | അഡ്മിഷൻ നമ്പർ | കുട്ടിയുടെ പേര് | UID Enrollment Number | UID Number | NPR Enroll Number |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

ക്ലാസ് ടീച്ചറുടെ ഒപ്പ്.............................................

പേര് .....................................................

# അനുബന്ധം 2

*(സ്കൂൾ പ്രഥമാദ്ധ്യാപിക കുട്ടികളുടെ ഏകീകൃത തിരിച്ചറിയൽ നമ്പർ വിവരങ്ങൾ ക്രോഡീകരിച്ച് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ക്ക സമർപ്പിക്കേണ്ട റിപ്പോർട്ടിന്റെ മാതൃക)*

സ്കൂളിന്റെ പേര്.......................................................................................................

| ക്ലാസ് | ഡിവിഷൻ | കുട്ടികളുടെ ആകെ എണ്ണം | UID/NPR നമ്പർ പൂർത്തീകരിച്ച കുട്ടികളുടെ എണ്ണം | UID/NPR നമ്പർ പൂർത്തീകരിക്കാത്ത കുട്ടികളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| ആകെ | | | | | |

പ്രഥമാദ്ധ്യാപികയുടെ ഒപ്പ്.....................

പേര് ..............................................................